സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 175 2024 ഒക്ടോബർ 28 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

സ്വർണവിലയിൽ ഇന്ന് ഇടിവ്

തൃശൂർ: റെക്കോർഡുകൾ ഭേദിച്ച് മുന്നേറിയ സ്വർണ വിലയിൽ ഇന്ന് ഇടിവ്. പവന് 59,000 കടന്നും മുന്നേറുമെന്ന് തോന്നിപ്പിച്ച ഘട്ടത്തിലാണ് ഇന്ന് സ്വർണവില താഴ്ന്നത്. 360 രൂപ കുറഞ്ഞ് ഒരു പവൻ സ്വർണത്തിന്റെ വില 58,520 രൂപയായി. ഗ്രാമിന് 45 രൂപയാണ് കുറഞ്ഞത്. 7315 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില.

അറസ്റ്റ് രേഖപ്പെടുത്തി

മാള: മാള എക്സൈസ് ഓഫീസിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന സിവിൽ എക്സൈസ് ഓഫീസറെയും ഓഫീസിന് പുറത്ത് വെച്ച് ഇൻസ്പെക്ടറെയും ആക്രമിച്ച സംഭവത്തിൽ കസ്റ്റഡിയിലായിരുന്ന രണ്ടു പ്രതികളുടെയും അറസ്റ്റ് രേഖപ്പെടുത്തി. കുന്നത്തുകാട് സ്വദേശികളായ കുടിലിങ്കൽ പ്രവീൺ, പടിഞ്ഞേരി അക്ഷയ് എന്നിവരെയാണ് മാള പോലീസ് അറസ്റ്റ് ചെയ്തത്.

തേങ്കുറുശ്ശി ദുരഭിമാനക്കൊല: ഹരിതയുടെ പിതാവിനും അമ്മാവനും ജീവപര്യന്തം



പാലക്കാട്: നാടിനെ നടുക്കിയ തേങ്കുറിശി ദുരഭിമാനക്കൊലക്കേസിൽ പ്രതികളായ പ്രഭുകുമാർ (43), കെ സുരേഷ് കുമാർ (45) എന്നിവർക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിച്ച് കോടതി. അരലക്ഷം രൂപ പിഴയും കോടതി വിധിച്ചു. ഇതരജാതിയിൽപ്പെട്ട യുവതിയെ വിവാഹം ചെയ്തതിനാണ് ഇലമന്ദം കൊല്ലത്തറയിൽ അനീഷിനെ (27) കൊലപ്പെടുത്തിയത്. വിവാഹത്തിന്റെ 88-ാം ദിവസം അനീഷിന്റെ ഭാര്യ ഹരിതയുടെ അച്ഛനും അമ്മാവനും ചേർന്ന് അനീഷിനെ കുത്തിക്കൊലപ്പെടുത്തുകയായിരുന്നു.

സുരേഷാണ് ഒന്നാംപ്രതി. പ്രഭുകുമാർ രണ്ടാം പ്രതിയും. 2020 ഡിസംബർ 25ന് വൈകിട്ടാണ് സംഭവം. സാമ്പത്തികമായി ഉയർന്ന ഹരിതയെ ജാതിയിലും സമ്പത്തിലും അന്തരമുള്ള അനീഷ് പ്രണയിച്ച് വിവാഹം ചെയ്തതാണ് കൊലയ്ക്ക് കാരണം.

പ്രതികൾക്ക് തൂക്കുകയർ നൽകണമെന്നാണ് പ്രോസിക്യൂഷൻ വാദിച്ചത്. പ്രതികൾ കുറ്റക്കാരാണെന്ന് കോടതി നേരത്തെ കണ്ടെത്തിയിരുന്നു. ലോക്കൽ പോലീസ് അന്വേഷിച്ച കേസ് പിന്നീട് ജില്ലാ ക്രൈം ബ്രാഞ്ചിന് കൈമാറുകയായിരുന്നു. പെയിന്റിംഗ് തൊഴിലാളിയായിരുന്നു അനീഷ്. സ്കൂൾ കാലം മുതൽ അനീഷും ഹരിതയും പ്രണയത്തിലായിരുന്നു. വിവാഹശേഷം ഹരിതയുടെ ബന്ധുക്കൾ പല തവണ അനീഷിനെ ഭീഷണിപ്പെടുത്തിയിരുന്നു. അനീഷിനെ മൂന്ന് മാസത്തിനകം ഇല്ലാതാക്കുമെന്ന് സുരേഷ് ഭീഷണി മുഴക്കിയിരുന്നതായി നാട്ടുകാരും പറഞ്ഞു.

സംഭവ ദിവസം ബൈക്കിൽ കടയിലേക്ക് പോയതായിരുന്നു അനീഷും സഹോദരനും. പ്രഭുകുമാറും സുരേഷും ചേർന്ന് ഇരുവരെയും ആക്രമിച്ചു. വടിവാളും കമ്പിയും ഉപയോഗിച്ചുള്ള ആക്രമണത്തിൽ അനീഷിന് ഗുരുതരമായി പരിക്കേറ്റു. ആശുപത്രിയിലെത്തുന്നതിന് മുമ്പ് തന്നെ അനീഷ് മരിച്ചിരുന്നു. കൃത്യം നടത്തിയ ശേഷം പ്രഭുകുമാർ കോയമ്പത്തൂരിലെ ബന്ധുവീട്ടിലേക്ക് കടന്നിരുന്നു. അവിടെവച്ചാണ് ഇയാളെ പിടികൂടിയത്.

അച്ഛനും അമ്മാവനും തൂക്കുകയർ നൽകണമെന്നാണ് അനീഷിന്റെ ഭാര്യ ഹരിത ആവശ്യപ്പെട്ടത്. എന്നാൽ ഇപ്പോൾ വിധിച്ച ശിക്ഷ കുറവാണെന്നാണ് ഹരിത പറഞ്ഞത്. തനിക്കും വധ ഭീഷണി നേരിടുന്നുണ്ടെന്ന് ഹരിത പറഞ്ഞു.

75 ദിവസം കൊണ്ടാണ് ജില്ലാ ക്രൈംബ്രാഞ്ച് കുറ്റപത്രം സമർപ്പിച്ചത്. ദുരഭിമാനക്കൊലയെന്നാണ് കുറ്റപത്രത്തിൽ പരാമർശിച്ചിട്ടുള്ളത്. കൊലക്കുറ്റത്തിനു പുറമേ ഗൂഢാലോചന, തെളിവ് നശിപ്പിക്കൽ എന്നീ വകുപ്പുകളും പ്രതികൾക്കെതിരേ ചുമത്തിയിട്ടുണ്ട്. ഡിവൈ.എസ്.പി. സി. സുന്ദരനാണ് അന്വേഷണോദ്യോഗസ്ഥൻ. കേസിൽ പ്രോസിക്യൂഷനുവേണ്ടി അഡ്വ. പി. അനിൽ ഹാജരായി. 110 സാക്ഷികളാണുണ്ടായിരുന്നത്. പ്രതികൾ എത്തിയ രണ്ട് ബൈക്കുകൾ, കത്തി എന്നിവയടക്കമുള്ള തൊണ്ടിമുതലുകളും പ്രോസിക്യൂഷൻ ഹാജരാക്കിയിരുന്നു.

അവസാന ദീപാവലി ആഘോഷത്തിനൊരുങ്ങി പ്രസിഡന്റ് ജോ ബൈഡൻ

വാഷിങ്ടൺ: വൈറ്റ് ഹൗസിൽ അവസാന ദീപാവലി ആഘോഷിക്കാൻ യു.എസ് പ്രസിഡന്റ് ജോ ബൈഡൻ. തെരഞ്ഞെടുപ്പിൽ മത്സരിക്കാത്തതിനാൽ വൈറ്റ് ഹൗസിൽ നടക്കുന്ന പ്രസിഡന്റ് ബൈഡന്റെ അവസാന ദീപാവലി ആഘോഷമാണിത്.

ഇന്ന് വൈകീട്ട് വൈറ്റ് ഹൗസിൽ ജോ ബൈഡനും രാജ്യത്തുടനീളമുള്ള ഇന്ത്യൻ അമേരിക്കക്കാരും ദീപാവലി ആഘോഷിക്കുമെന്ന് വൈറ്റ് ഹൗസ് വൃത്തങ്ങൾ അറിയിച്ചു.

വിനോദയാത്രാസംഘം സഞ്ചരിച്ച ബസ് അപകടം; നാല് പേർക്ക് പരുക്ക്

കൊച്ചി: ചെറായിയിൽ സ്കൂൾ വിനോദയാത്രാസംഘം സഞ്ചരിച്ച ബസ് അപകടത്തിൽ പെട്ടു. ഞാറയ്ക്കൽ ഗവ. ഹൈസ്കൂളിൽ നിന്ന് വിനോദയാത്രയ്ക്ക് പോയ ബസാണ് അപകടത്തിൽ പെട്ടത്. കൊടൈക്കനാൽ പോകുംവഴി ഇന്ന് പുലർച്ചെയാണ് അപകടം. അപകടത്തിൽ രണ്ടു കുട്ടികൾക്കും ബസിലെ ക്ലീനർക്കും ഒരു അധ്യാപകനും പരിക്കേറ്റു. ആരുടെയും പരിക്ക് ഗുരുതരമല്ല. നിയന്ത്രണം വിട്ട് ബസ് വൈദ്യുതപോസ്റ്റിൽ ഇടിക്കുകയായിരുന്നു. ഡ്രൈവർ ഉറങ്ങിപ്പോയതാകാം അപകടകാരണമെന്നാണ് പ്രാഥമിക നിഗമനം

തൃശ്ശൂർ പൂരം കലക്കലിനെ കുറിച്ച് നടക്കുന്ന അന്വേഷണം അട്ടിമറിക്കുകയാണ് ലക്ഷ്യമെന്ന് രമേശ് ചെന്നിത്തല

കോഴിക്കോട്: പൂരം കലക്കൽ സംബന്ധിച്ച മുഖ്യമന്ത്രിയുടെ പ്രസ്താവന ബി.ജെ.പിയെ സഹായിക്കാനെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. ആ പ്രസ്താവന വളരെ ദൗർഭാഗ്യകരമാണ്. ബി.ജെ.പിയുമായുള്ള ധാരണ ഉറപ്പിക്കലാണ് അതിലൂടെ നടന്നതെന്നും അദ്ദേഹം പറഞ്ഞു.

തൃശ്ശൂർ പൂരം കലക്കലിനെ കുറിച്ച് നടക്കുന്ന അന്വേഷണം അട്ടിമറിക്കുകയാണ് ലക്ഷ്യമെന്ന് രമേശ് ചെന്നിത്തല പറഞ്ഞു. ഇനി അന്വേഷണം കൊണ്ട് ഒരു കാര്യവുമില്ല. ഇക്കാര്യത്തിൽ സി.പി.ഐ നിലപാട് വ്യക്തമാക്കണമെന്നും രമേശ് ചെന്നിത്തല കോഴിക്കോട് പറഞ്ഞു. തൃശ്ശൂർ പൂരം കലക്കി എന്ന കാര്യം ലോകം മുഴുവൻ അംഗീകരിച്ച കാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പാലക്കാട്ടെ കത്ത് വിവാദത്തേക്കുറിച്ചും രമേശ് ചെന്നിത്തല പ്രതികരിച്ചു. 'തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി പലരെയും ആലോചിക്കും. ഇതുമായി ബന്ധപ്പെട്ടുയർന്ന വിവാദം അനാവശ്യമാണ്. കത്ത് പുറത്തു വിട്ടത് സർക്കാരിനെതിരായ ജനവികാരം മറികടക്കാനുള്ള അടവാണ്.

സ്ഥാനാർത്ഥിയെ തീരുമാനിച്ചു കഴിഞ്ഞാൽ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കും. കെ മുരളീധരൻ തിരഞ്ഞെടുപ്പ് പ്രചരണത്തിന് എത്തുമെന്ന് തന്നെയാണ് പ്രതീക്ഷ.'രമേശ് ചെന്നിത്തല വ്യക്തമാക്കി.

പൂരം കലക്കാൻ പ്രതികൾ പരസ്പരം സഹായിച്ചു; എഫ് ഐ ആറിലെ വിവരങ്ങൾ പുറത്ത്

തൃശൂർ: പൂരം അലങ്കോലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിലെ എഫ്ഐആർ പുറത്ത്. ഗൂഢാലോചന, മത വിശ്വാസങ്ങളെ അവഹേളിക്കാൻ ബോധപൂർവമായ ശ്രമം, സർക്കാരിനെതിരെ യുദ്ധത്തിന് ശ്രമിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുക എന്നീ വകുപ്പുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രതികൾ പരസ്പരം സഹായിച്ചുവെന്നും എഫ്ഐആറിൽ പറയുന്നുണ്ട്. 2024 ഏപ്രിൽ 20ന് നടന്ന തൃശൂർ പൂരം അലങ്കോലമായത് രാഷ്ട്രീയ വിവാദമായിരുന്നു.

ഗൂഢാലോചന അന്വേഷിക്കുന്ന പ്രത്യേക അന്വേഷണ സംഘത്തിലെ (എസ്ഐടി) ഉദ്യോഗസ്ഥന്റെ പരാതിയിലാണ് എഫ്ഐആർ രജിസ്റ്റർ ചെയ്തത്. ആരെയും പ്രതിചേർത്തിട്ടില്ല. പൂരം കലക്കിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ആദ്യത്തെ കേസാണിത്.

പൂരം കലക്കിയിട്ടില്ലെന്നും വെടിക്കെട്ട് അൽപ്പം വൈകിയത് മാത്രമാണ് ആകെ പ്രശ്നമെന്നുമുള്ള മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസ്താവന എൽഡിഎഫിൽ വിവാദമുണ്ടാക്കിയിരുന്നു. പൂരം കലക്കിയതിന് പിന്നിലെ ഗൂഢാലോചനയിൽ ആർഎസ്എസിന് പങ്കുണ്ടെന്നും അക്കാര്യം അന്വേഷിക്കണമെന്നുമുള്ള നിലപാടിൽ ഉറച്ച് നിൽക്കുന്ന സിപിഐ, മുഖ്യമന്ത്രിയെ തള്ളി രംഗത്തുവന്നു. പൂരം കലങ്ങുക മാത്രമല്ല, നടത്തേണ്ടതുപോലെ നടത്താൻ സമ്മതിച്ചില്ലെന്നും സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം കുറ്റപ്പെടുത്തി.

അതേസമയം, പൂരം അലങ്കോലമാക്കിയ സംഭവത്തിൽ പോലീസ് കേസെടുത്തതിന് പിന്നാലെ ശക്തമായി പ്രതികരിച്ച് ദേവസ്വം ഭാരവാഹികൾ രംഗത്തെത്തി.

തിരുവമ്പാടി, പാറമേക്കാവ് ദേവസ്വം ഭാരവാഹികളാണ് പ്രതികരിച്ചത്. പൂരം അലങ്കോലമായതിന് പിന്നിൽ ഗൂഢാലോചനയല്ല, മറിച്ച് ഉദ്യോഗസ്ഥർക്ക് പിഴച്ചതാവാം എന്നാണ് തിരുവമ്പാടി ദേവസ്വം പ്രതികരണം. എഫ്ഐആർ ഇട്ട് ഉപദ്രവിച്ചാൽ അംഗീകരിക്കില്ലെന്നാണ് പാറമേക്കാവ് ദേവസ്വവും അറിയിച്ചത്.

രാഷ്ട്രീയത്തിന്റെ പേരിൽ ഖാസിയാകാൻ ചിലർ, പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾക്കെതിരെ സമസ്ത സെക്രട്ടറി

കോഴിക്കോട്: മുസ്ലീം ലീഗിനും സംസ്ഥാന അദ്ധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾക്കുമെതിരെ പരോക്ഷ വിമർശനവുമായി സമസ്ത സെക്രട്ടറി ഉമർ ഫൈസി മുക്കം. രാഷ്ട്രീയത്തിന്റെ പേരിൽ ഖാസിയാകാൻ ചിലരുണ്ടെന്നും യോഗ്യതയില്ലെങ്കിലും ഖാസിമാരായവരുണ്ടെന്നാണ് വിമർശനം. ഒരിടവേളയ്ക്ക് ശേഷമാണ് സമസ്തയും ലീഗും തമ്മിലുള്ള പ്രശ്നം വീണ്ടും ഉയർന്നുവരുന്നത്.

'ഖാസിയാകാൻ ഇസ്ലാമിക നിയമങ്ങളുണ്ട്. അത് പാലിക്കാതെയാണ് പലരും ഖാസിമാരാകുന്നത്. പ്രശ്നങ്ങൾ പരിഹരിച്ചില്ലെങ്കിൽ അടുത്ത ദിവസങ്ങളിൽ അത് തുറന്നുപറയും. ആരെയും പേടിച്ചിട്ടല്ല, ജനങ്ങളുടെയിടയിൽ പ്രശ്നങ്ങളുണ്ടാക്കേണ്ടെന്ന് കരുതിയാണ് ഇതുവരെ മിണ്ടാതിരുന്നത്.'– അദ്ദേഹം പറഞ്ഞു. മലപ്പുറം എടവണ്ണപ്പാറയിൽ സമസ്ത മേഖല കമ്മിറ്റി സംഘടിപ്പിച്ച ഗ്രാൻഡ് മൗലീദ് കോൺഫറൻസിൽ സംസാരിക്കവേയാണ് ഉമർ ഫൈസിയുടെ വിമർശനം.

'പണ്ട് സമസ്ത എന്ത് പറയുന്നോ അതിനൊപ്പം സംഘടനകൾ നിൽക്കുമായിരുന്നു. ഇന്ന് അതിന് തയ്യാറല്ല. സമസ്തയെ വെല്ലുവിളിച്ചുകൊണ്ട് വേറെ സംഗതിയുണ്ടാക്കുകയാണ്. നമ്മളുടെയടുത്ത് ആയുധങ്ങളുണ്ട്. അവർ കരുതിയിരുന്നുകൊള്ളണം. അത് ദുരുപയോഗം ചെയ്യാതെ, ആവശ്യം വരുമ്പോൾ അതെടുക്കുമെന്ന് കരുതുന്നത് നല്ലതാണ്. എല്ലാവരുമായും സഹകരിച്ചു പോകുന്നത് രാഷ്ട്രീയ പാർട്ടിക്കാർക്കും നല്ലതാണ്.'– എന്നാണ് അദ്ദേഹം പറയുന്നത്. സാദിഖലി തങ്ങൾ രൂപീകരിച്ച ഖാസി ഫൗണ്ടേഷനെയും അദ്ദേഹം വിമർശിച്ചു. കോർഡിനേഷൻ ഒഫ് ഇസ്ലാമിക് കോളേജസ് (സിഐസി) വിഷയത്തിൽ സമസ്തയെ വെല്ലുവിളിച്ച് വേറെ സംഘടനകൾ ഉണ്ടാക്കുന്നുവെന്നും കരുതിയിരിക്കണമെന്നും പറഞ്ഞു.

വാഹനാപകടം: രണ്ട് തൊഴിലുറപ്പ് തൊഴിലാളികൾ മരിച്ചു, ഒരാൾക്ക് ഗുരുതര പരിക്ക്

കണ്ണൂർ: രാമന്തള്ളി കുരിശുമുക്കിൽ വാഹനാപകടത്തിൽ 2 പേർ മരിച്ചു. ഒരാൾക്ക് ഗുരുതരമായ പരിക്കേറ്റു. കല്ലേറ്റുംകടവിലെ പി. വി. ശോഭ (53), ടി.വി. യശോദ (68) എന്നിവരാണ് മരിച്ചത്. ഗുരുതരമായി പരിക്കേറ്റ ബി. പി. ശ്രീലേഖ (49) യെ പരിയാരത്തെ കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഇന്ന് രാവിലെ 9.30 ഓടെയായിരുന്നു സംഭവം. രാമന്തളി പഞ്ചായത്ത് അഞ്ചാം വാർഡിലെ തൊഴിലാളികളാണ് അപകടത്തിൽപ്പെട്ടത്. 20 പേരടങ്ങിയ തൊഴിലാളികളുടെ സംഘത്തിൽ നിന്നും മൂന്ന് പേർ കുരിശുമുക്കിൽ നിന്നും രാമന്തളി റോഡിൽ കഴിഞ്ഞ ദിവസം ബാക്കിയായ പണി തീർക്കുന്നതിനായി പോകുമ്പോഴാണ് അപകടത്തിൽപ്പെട്ടത്.

കുരിശുമുക്ക് – ഏഴിമല ടോപ് റോഡിൽ നിന്നും ഇറങ്ങി രാമന്തളി ഭാഗത്തേക്ക് ജില്ലിപൊടിയുമായി പോവുകയായിരുന്ന ഗുഡ്സ് ഓട്ടോ വാഹനമാണ് നിയന്ത്രണം വിട്ട് മൂവരെയും ഇടിച്ച് തെറിപ്പിച്ച് മറിഞ്ഞത്. പി.വി.ശോഭ സംഭവ സ്ഥലത്തും ടി. വി. യശോദ ആശുപത്രിയിലേക്കുള്ള യാത്രാമധ്യേയും മരിച്ചു.

രാജ്യത്ത് സെൻസസ് 2025-ൽ തുടങ്ങിയേക്കും, ലോക്സഭാ മണ്ഡല വിഭജനം 2028-ൽ

ന്യൂഡൽഹി: രാജ്യത്തെ ജനസംഖ്യ ഔദ്യോഗികമായി നിർണയിക്കാനുള്ള സെൻസസ് അടുത്തവർഷം ആരംഭിച്ചേക്കും. 2021-ൽ നടക്കേണ്ടിയിരുന്ന സെൻസസാണ് നാല് വർഷം വൈകി ആരംഭിക്കുന്നത്. കണക്കെടുപ്പ് 2026-ൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഉന്നതവൃത്തങ്ങൾ പറഞ്ഞു.

സെൻസസിന് പിന്നാലെ ലോക്സഭാ മണ്ഡലങ്ങളുടെ പുനർനിർണയവുമുണ്ടാകും. ഇത് 2028-ഓടെ പൂർത്തിയാകുമെന്നും കേന്ദ്രസർക്കാർ വൃത്തങ്ങൾ അറിയിച്ചു. അതേസമയം സർക്കാർ ഇക്കാര്യം ഔദ്യോഗികമായി പ്രഖ്യാപിക്കുകയോ സെൻസസ് സംബന്ധിച്ച വിവരങ്ങൾ പുറത്തുവിടുകയോ ചെയ്തിട്ടില്ല.

രജിസ്ട്രാർ ജനറലും ഇന്ത്യൻ സെൻസസ് കമ്മിഷണറുമായ മൃത്യുഞ്ജയ് കുമാർ നാരായണിന്റെ ഡെപ്യൂട്ടേഷൻ കാലാവധി അടുത്തിടെയാണ് കേന്ദ്രസർക്കാർ നീട്ടിയത്. 2026 ഓഗസ്റ്റ് വരെയാണ് നിലവിൽ ഇദ്ദേഹത്തിന്റെ കാലാവധി.

സെൻസസ് ഉചിതമായ സമയത്ത് തന്നെ നടക്കുമെന്നാണ് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നേരത്തേ പറഞ്ഞത്. അന്തിമ തീരുമാനമായാൽ അക്കാര്യം പ്രഖ്യാപിക്കും. നടക്കാനിരിക്കുന്ന സെൻസസ് മൊബൈൽ ആപ്പ് വഴി പൂർണമായും ഡിജിറ്റലായാണ് നടക്കുക എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഓരോ പത്ത് വർഷത്തിലുമാണ് രാജ്യത്തെ ഔദ്യോഗിക ജനസംഖ്യാ കണക്കെടുപ്പായ സെൻസസ് നടത്തുക. ഇന്ത്യയിൽ 2011-ലാണ് അവസാനമായി സെൻസസ് നടന്നത്. 121 കോടിയിലേറെയാണ് അന്ന് രേഖപ്പെടുത്തിയ ജനസംഖ്യ. മുൻ പത്തേക്കാൾ 17.7 ശതമാനത്തിന്റെ വർധനവായിരുന്നു ഇത്.

തീവണ്ടി മുട്ടി മരിച്ചു

പുതുക്കാട്: റെയിൽവെ സ്റ്റേഷനു സമീപം എറവക്കാട് സ്വദേശി നടുവിൽ വീട്ടിൽ മാധവൻ മകൻ ഷിബു (51) തീവണ്ടി മുട്ടി മരിച്ച നിലയിൽ കണ്ടെത്തി. ഭാര്യയും ഒരു മകളുമുണ്ട്.

യുവാവിനെ കുത്തിക്കൊന്ന സംഭവത്തിൽ പ്രതികൾ പിടിയിൽ

കൊല്ലം: വെളിച്ചിക്കാലയിൽ കണ്ണനല്ലൂർ സ്വദേശി നവാസിനെ കുത്തിക്കൊന്ന കേസിലെ പ്രതികൾ പിടിയിൽ. കണ്ണനല്ലൂർ മുട്ടക്കാവിൽ ചാത്തന്റഴികത്ത് നവാസിനെ(35) പിന്നിൽ നിന്ന് കഴുത്തിൽ കുത്തിയ പ്രതി സദ്ദാം അടക്കമുള്ളവരാണ് പിടിയിലായതെന്നാണ് വിവരം.

സഹോദരനും സുഹൃത്തിനും മർദ്ദനമേറ്റ വിവരം അന്വേഷിക്കാനത്തിയതായിരുന്നു നവാസ്. ഇതിനിടെ തർക്കമുണ്ടാകുകയും കൂട്ടത്തിലെ സദ്ദാം കത്തിയെടുത്ത് നവാസിനെ കുത്തുകയുമായിരുന്നു. പിന്നിൽ നിന്നും കഴുത്തിനേറ്റ കുത്തുകൊണ്ടതോടെയാണ് യുവാവ് മരിക്കാനിടയായത്. കുത്ത് കൊള്ളുന്നതും സ്ഥലത്ത് നിന്നും നവാസ് ഓടിമാറാൻ ശ്രമിക്കുന്നതുമായ സിസിടിവി ദൃശ്യങ്ങൾ ലഭിച്ചിട്ടുണ്ട്.

നവാസിന്റെ സഹോദരൻ നബീലും സുഹൃത്ത് അനസും കണ്ണനല്ലൂരിൽ ഗൃഹപ്രവേശന ചടങ്ങിൽ പങ്കെടുത്ത് ബൈക്കിൽ തിരികെ വരുന്നതിനിടെ, ബദരിയ സ്കൂളിന് സമീപം രാത്രി 8.30 ന് ഒരു സംഘം യുവാക്കൾ ഇരുവരെയും തടഞ്ഞു നിറുത്തുകയും മർദ്ദിക്കുകയും ചെയ്തു. തുടർന്ന് നബീലും സുഹൃത്തും കണ്ണനല്ലൂർ പോലീസിൽ പരാതി നൽകി. പിന്നീട് വിവരം നവാസിനെ ഫോണിൽ അറിയിച്ചു. പിന്നീട് രാത്രി 10 മണിയോടെയാണ് കൊലപാതകം നടന്നത്. സഹോദരനെ ആക്രമിച്ചതറിഞ്ഞ് വിവരം തിരക്കാനെത്തിയ നവാസിനെ വെളിച്ചിക്കാലയിൽ വഴിയിലിട്ട് അക്രമിസംഘം കുത്തിക്കൊല്ലുകയായിരുന്നു. രണ്ട് ബൈക്കിലും ഓട്ടോയിലും എത്തിയ സംഘമാണ് ആക്രമണം നടത്തിയതെന്ന് നാട്ടുകാർ പറയുന്നു.

അജ്ഞാത മൃതദേഹം ചുരുളഴിച്ചത് ക്രൂരകൊലപാതകം; കൊന്നത് ഭാര്യയും കാമുകനും

ബെംഗളൂരു: കർണാടകയിലെ കുടക് ജില്ലയിലെ കാപ്പിത്തോട്ടത്തിൽനിന്ന് കത്തിയ നിലയിൽ കണ്ടെത്തിയ അജ്ഞാത മൃതദേഹത്തെ തിരിച്ചറിയാൻ പോലീസ് നടത്തിയ ശ്രമം അവസാനിച്ചത് ക്രൂരമായ കൊലപാതകത്തിന്റെ പിന്നാമ്പുറക്കഥയിലേക്ക്. ഒരാഴ്ചമുൻപ് കാണാതായ രമേഷ് (54) എന്ന ബിസിനസുകാരന്റേതാണ് മൃതദേഹം. ഇയാളുടെ ഭാര്യ നിഹാരിക (29), കാമുകനും മൃഗഡോക്ടറുമായ നിഖിൽ, സുഹൃത്ത് അങ്കുർ എന്നിവരാണ് കൊലപാതകത്തിന് പിന്നിലെന്ന് പോലീസ് കണ്ടെത്തിയിരിക്കുകയാണ്. മൂവരും അറസ്റ്റിലായി.

കുടകിലെ സുന്തിക്കൊപ്പയിലെ കാപ്പിത്തോട്ടത്തിൽ ഇക്കഴിഞ്ഞ എട്ടാം തീയതിയാണ് കത്തിക്കരിഞ്ഞ നിലയിൽ ഒരു പുരുഷന്റെ മൃതദേഹം പോലീസ് കണ്ടെത്തിയത്. മരിച്ചതാരെന്ന് തിരിച്ചറിയുന്നതിന്റെ ഭാഗമായി പ്രദേശത്ത് വന്നുപോയ വാഹനങ്ങൾ കണ്ടെത്താനായി സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചിരുന്നു. ഈ പരിശോധനയിൽ ഒരു മെഴ്സിഡസ് ബെൻസ് കാർ അന്വേഷണസംഘത്തിന്റെ ശ്രദ്ധയിൽ പതിഞ്ഞു. രമേഷ് എന്നയാളുടേതാണ് ഈ കാറെന്ന് തിരിച്ചറിഞ്ഞ പോലീസ് ഇയാളെ കാണാനില്ലെന്ന് കാണിച്ച് ഭാര്യ പരാതി നൽകിയിട്ടുണ്ടെന്നും മനസിലാക്കി. തുടർന്ന് കുടക് പോലീസ് കാറിനെക്കുറിച്ച് കൂടുതൽ അന്വേഷിക്കാനായി തെലങ്കാന പോലീസിനെ ബന്ധപ്പെട്ടു.

അന്വേഷണം പുരോഗമിക്കവേ രമേഷിന്റെ കൊലപാതകത്തിനുപിന്നിൽ നിഹാരികയ്ക്ക് പങ്കുണ്ടെന്ന സംശയം ബലപ്പെട്ടു. തുടർന്ന് നിഹാരികയെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തപ്പോൾ അവർ കുറ്റം സമ്മതിക്കുകയായിരുന്നു. അത്ര സുഖകരമല്ലാത്ത ബാല്യമായിരുന്നു നിഹാരികയുടേതെന്ന് പോലീസ് കണ്ടെത്തി. നിഹാരികയ്ക്ക് 16 വയസുള്ളപ്പോൾ അച്ഛൻ മരിക്കുകയും അമ്മ മറ്റൊരു വിവാഹംകഴിയ്ക്കുകയും ചെയ്തു. എഞ്ചിനീയറിംഗ് പൂർത്തിയാക്കിയ നിഹാരിക ജോലിചെയ്യാനാരംഭിച്ചു. വിവാഹം കഴിഞ്ഞ് കുട്ടിയായതിനുശേഷം ബന്ധം വേർപെടുത്തി. ഇതിനിടയിൽ ഹരിയാനയിൽവെച്ച് സാമ്പത്തിക തട്ടിപ്പുനടത്തിയതിന് ജയിലിലായി. ഇവിടെ വെച്ചാണ് രമേഷിനെ കൊലപ്പെടുത്തിയ കേസിലുൾപ്പെട്ട അങ്കുറുമായി നിഹാരിക പരിചയത്തിലായത്.

ജയിലിൽനിന്ന് പുറത്തിറങ്ങിയ ശേഷം വിവാഹം കഴിച്ചതാണ് രമേഷിനെ. രമേഷിന്റേയും രണ്ടാം വിവാഹമായിരുന്നു. വ്യവസായിയായ രമേഷിനൊപ്പം ആർഭാടപൂർണമായ ജീവിതമായിരുന്നു നിഹാരിക നയിച്ചത്. ഇതിനിടയിൽ നിഖിലുമായി അടുപ്പം സ്ഥാപിച്ച നിഹാരിക രമേഷിനോട് എട്ടുകോടി രൂപ ആവശ്യപ്പെട്ടു. ഇത് നൽകാൻ രമേഷ് വിസമ്മതിച്ചത് അവരെ പ്രകോപിപ്പിച്ചു. രമേഷിന്റെ സ്വത്ത് ലക്ഷ്യമിട്ടാണ് നിഹാരികയും കൂട്ടരും ചേർന്ന് അയാളെ കൊലപ്പെടുത്തിയതെന്നും പോലീസ് പറഞ്ഞു.

ഒക്ടോബർ ഒന്നിന് ഹൈദരാബാദിലെ ഉപ്പലിൽവെച്ച് ശ്വാസം മുട്ടിച്ചാണ് രമേഷിനെ നിഹാരികയും കൂട്ടാളികളുംചേർന്ന് കൊലപ്പെടുത്തിയത്. തുടർന്ന് സ്വന്തം താമസസ്ഥലത്തെത്തിയ പ്രതികൾ പണം എടുക്കുകയും ബെംഗളൂരുവിലേക്ക് കാറോടിച്ച് പോവുകയും ചെയ്തു. പിന്നീടവർ ഉപ്പലിൽ നിന്ന് 800 കിലോമീറ്റർ അകലെയുള്ള കുടകിലേക്ക് പോവുകയും ഒരു കാപ്പിത്തോട്ടത്തിൽ മൃതദേഹം കത്തിക്കുകയുംചെയ്തു. മൃതദേഹം പുതപ്പ് കൊണ്ട് പൊതിഞ്ഞ് തീകൊളുത്തുകയായിരുന്നുവെന്നും തുടർന്ന് മൂവരും ഹൈദരാബാദിലേക്ക് മടങ്ങിയെന്നും പോലീസ് വ്യക്തമാക്കി. ഇതിനുശേഷമാണ് നിഹാരിക രമേഷിനെ കാണാനില്ലെന്ന് പരാതി നൽകിയത്.

ഏറെ വെല്ലുവിളികൾ നിറഞ്ഞ കേസായിരുന്നു ഇതെന്ന് കുടക് പോലീസ് മേധാവി രാമരാജൻ പ്രതികരിച്ചു. തുംകൂർ വരെയുള്ള 500 സിസിടിവി ക്യാമറകൾ പരിശോധിച്ചതാണ് കേസിൽ വഴിത്തിരിവായതെന്നും അദ്ദേഹം പറഞ്ഞു. നിഹാരികയാണ് കേസിലെ പ്രധാനപ്രതിയെന്നും അദ്ദേഹം വ്യക്തമാക്കി.

വാഹനാപകടത്തിൽ പരിക്ക്

പുതുക്കാട്: ദേശീയ പാതനന്തിക്കര

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ക്രൈസ്റ്റ് മുതൽ പുതംകുളം വരെയുള്ള റോഡ് നിർമാണം ഡിസംബർ 6നുള്ളിൽ പൂർത്തിയാകും : മന്ത്രി ആർ ബിന്ദു

ഇരിങ്ങാലക്കുട : തൃശൂർ – കൊടുങ്ങല്ലൂർ റോഡ് നവീകരണത്തിന്റെ ഭാഗമായി നടക്കുന്ന ക്രൈസ്റ്റ് കോളെജ് ജംഗ്ഷൻ മുതൽ പുതംകുളം വരെയുള്ള നിർമ്മാണ പ്രവൃത്തികൾ ഡിസംബർ ആറിനകം പൂർത്തിയാകുമെന്ന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു പറഞ്ഞു.

മന്ത്രിയുടെ അധ്യക്ഷതയിൽ കളക്ട്രേറ്റിൽ ചേർന്ന കെ എസ് ടി പി റോഡ് നിർമ്മാണ അവലോകനയോഗത്തിലാണ് തീരുമാനമായത്.

കൂടുതൽ യന്ത്രങ്ങളും തൊഴിലാളികളെയും ഉപയോഗപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കണമെന്ന് കരാറുകാരന് യോഗത്തിൽ മന്ത്രി നിർദ്ദേശം നൽകി.

430 മീറ്റർ നീളത്തിലാണ് ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. ഇതിന്റെ തുടർച്ചയായി ക്രൈസ്റ്റ് കോളെജ് ജംഗ്ഷൻ മുതൽ മാപ്രാണം വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നവംബർ 1ന് ആരംഭിക്കും.

90 ദിവസം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാനാണ് യോഗത്തിൽ തീരുമാനമായത്.ഈ പ്രവൃത്തി നടക്കുമ്പോൾ തൃശൂർ ഭാഗത്തേക്കുള്ള വാഹനങ്ങൾ ബസ്സ് സ്റ്റാന്റ് – സിവിൽ സ്റ്റേഷൻ – ബ്ലോക്ക് ഓഫീസ് വഴി മാപ്രാണത്ത് പ്രവേശിച്ച് യാത്ര തുടരാൻ യോഗം നിർദ്ദേശം നൽകി.

ഇപ്പോൾ നടക്കുന്ന വെള്ളാങ്ങല്ലൂർ – കോണത്തുകുന്ന് ഭാഗത്തെ പണികൾ പൂർത്തിയാകുന്നതോടെ മാപ്രാണം മുതൽ ആറാട്ടുപുഴ വരെയുള്ള അഞ്ച് കിലോമീറ്റർ ഭാഗത്തെ പ്രവൃത്തികൾ ആരംഭിക്കാൻ അനുമതി നൽകുമെന്നും മന്ത്രി ഡോ ആർ ബിന്ദു അറിയിച്ചു.

തൃശൂർ – കൊടുങ്ങല്ലൂർ റൂട്ടിൽ അപകടങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ സർവീസ് നടത്തുന്ന വണ്ടികളുടെ സമയക്രമത്തിലും എണ്ണം സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങളും പരിശോധിച്ച് നടപടി കൈക്കൊള്ളാൻ ട്രാൻസ്പോർട്ട് അധികൃതർക്ക് നിർദ്ദേശം നൽകിയതായും മന്ത്രി പറഞ്ഞു.

യോഗത്തിൽ ജില്ലാ കളക്റ്റർ അർജുൻ പാണ്ഡ്യൻ, സബ് കളക്റ്റർ അഖിൽ വി മേനോൻ, വിവിധ വകുപ്പ് തല ഉദ്യോഗസ്ഥർ, സ്വകാര്യ ബസ്സുടമ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

ഗ്രേറ്റ് എച്ച്ആർ ഫുൾ സ്യൂട്ട് എച്ച് ആർഎംഎസ് കൊച്ചിയിൽ ഉപഭോക്തൃ സംഗമം സംഘടിപ്പിച്ചു

കൊച്ചി: പ്രമുഖ എച്ച് ആർ എംഎസ് സോഫ്റ്റ്‌വെയർ ഗ്രേറ്റ് എച്ച്ആർ കൊച്ചിയിൽ വച്ച് ഒരു പ്രത്യേക ഉപഭോക്തൃ സംഗമം സംഘടിപ്പിച്ചു. ദീർഘകാലമായി ഗ്രേറ്റ് എച്ച്ആർ ഉപയോഗിച്ച് പോരുന്ന ഉപഭോക്താക്കളുമായി ക്രിയാത്മകമായ ചർച്ചകൾ സംഘടിപ്പിക്കുക, സോഫ്റ്റ്‌വെയറിൽ കൊണ്ടുവന്നിട്ടുള്ള നൂതന സംവിധാനങ്ങൾ പരിചയപ്പെടുത്തുക, അതിലുപരിയായി ഉപഭോക്താക്കളുടെ അഭിപ്രായ നിർദ്ദേശങ്ങൾ സ്വരൂപിക്കുക എന്നിവയായിരുന്നു മീറ്റിങ്ങിന്റെ ലക്ഷ്യം.

താലൂക്ക് വികസന സമിതി യോഗം

തൃശൂർ: മുകുന്ദപുരം താലൂക്ക് വികസന സമിതിയുടെ നവംബർ മാസത്തെ യോഗം നവംബർ 2 ന് രാവിലെ 11 ന് മുകുന്ദപുരം താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേരും.

നിര്യാതനായി

അബ്ദുൾ റഹിമാൻ ഹാജി

ചെന്ത്രാപ്പിന്നി: തൃപ്രയാർ ഷക്കീല ടൂറിസ്റ്റ് ഹോം, നാസ് ഷോപ്പിങ് കോംപ്ലക്സ് എന്നിവയുടെ ഉടമ തളിക്കുളം പോക്കാക്കില്ലത്ത് പി.കെ. അബ്ദുൾ റഹിമാൻ ഹാജി (87) അന്തരിച്ചു. ദീർഘകാലം പ്രവാസിയായിരുന്നു. ഭാര്യ: നഫീസ. മക്കൾ: പരേതനായ ഷൗക്കത്തലി, ഷക്കീല, ഷാജിത, ഷാജർ. മരുമക്കൾ: ഷീജ, അഡ്വ. സലാഹുദ്ദീൻ, എം.എം. നാസർ, നിഷ. ഖബറടക്കം ഇന്ന് രാവിലെ ഒൻപതിന് തളിക്കുളം ജുമാ മസ്ജിദ് ഖബർസ്ഥാനിൽ നടത്തപ്പെട്ടു.

മിൽമ ഷോപ്പി ഇനി പുതുക്കാടിലും

പുതുക്കാട്: മലയാളത്തിന്റെ നന്മ ചാലിച്ച അടയാളമായ മിൽമയുടെ ഉൽപ്പന്നങ്ങൾ നമ്മുടെ മേഖലയിലും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയും കലർപ്പില്ലാത്ത നറുശുദ്ധിയോടെയുള്ള ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്ന എന്ന ലക്ഷ്യത്തോടെയും കൂടി പുതുക്കാടിലും മിൽമ ഷോപ്പി ആരംഭിച്ചു. പുതുക്കാട് പഞ്ചായത്ത് പ്രസിഡണ്ട് കെ എം ബാബുരാജ് ഉദ്ഘാടനം ചെയ്തു. മേഖല ചെയർമാൻ എ ടി ജയൻ ആദ്യവിൽപന നടത്തി. ഗ്രാമപഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സെബി കൊടിയൻ മുഖ്യാതിഥിയായിരുന്നു.

മിൽമയുടെ ഐസ്ക്രീം, പാൽ, നെയ്യ്, ബ്രഡ്, ബൺ, പേഡ, മറ്റു പാലുല്പന്നങ്ങൾ, വെളിച്ചെണ്ണ തുടങ്ങി എല്ലാ ഉൽപ്പന്നങ്ങളും ലഭ്യമാണ്.

തൈക്കാട്ടുശ്ശേരി സെൻറ് പോൾസ് ദേവാലയത്തിൽ നടന്ന രക്തദാന ക്യാമ്പ് മേജർ പി ജെ സ്റ്റൈജു ഉദ്ഘാടനം ചെയ്യുന്നു.

ബോചെ സിനിമാ നിർമാണ രംഗത്തേക്ക്

മലയാള സിനിമയിലേക്ക് പുതിയ കാൽവെപ്പുമായി ബോചെ. 'ബോചെ സിനിമാനിയ' എന്ന ബാനറിലാണ് ബോചെ സിനിമാ നിർമാണ രംഗത്തേക്ക് ഇറങ്ങുന്നത്. മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിലുള്ള കഥയാണ് ആദ്യം സിനിമയാവുന്നത്. സിനിമയുടെ അണിയറ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ആദ്യത്തേത് ബിഗ് ബജറ്റ് സിനിമയാണെന്ന് ബോചെ അറിയിച്ചു. സിനിമയിൽ നിന്നുള്ള ലാഭത്തിന്റെ ഒരു പങ്ക് മുണ്ടക്കൈ ചൂരൽമല നിവാസികളുടെ ക്ഷേമപ്രവർത്തങ്ങൾക്ക് ഉപയോഗിക്കുമെന്നും അദ്ദേഹം അറിയിച്ചു. നിരവധി തിരക്കഥകൾ ഇതിനോടകം തന്നെ സിനിമകൾക്ക് വേണ്ടി 'ബോചെ സിനിമാനിയ' തിരഞ്ഞെടുത്തിട്ടുണ്ട്. ഇന്ത്യൻ സിനിമാ മേഖലയിൽ തങ്ങളുടെ സാന്നിധ്യമുറപ്പിക്കുന്ന സിനിമകൾ എല്ലാ സിനിമാപ്രേമികൾക്കും പ്രതീക്ഷിക്കാമെന്ന് തൃശൂരിൽ നടന്ന വാർത്താസമ്മേളനത്തിൽ ബോചെ അറിയിച്ചു.

ക്വട്ടേഷൻ ക്ഷണിച്ചു

തൃശ്ശൂർ: ജനറൽ ആശുപത്രിയിലെ ക്ലിനിക്കൽ ലാബിലേക്കും ബ്ലഡ് ബാങ്കിലേക്കും സൈറ്റോളജി ലാബിലേക്കും കൺസ്യൂമബിൾസ് ലഭ്യമാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ നവംബർ 5 ന് ഉച്ചയ്ക്ക് 12.30 നകം ലഭിക്കണം. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 0487 2427778.

പുന്ന അയ്യപ്പ സുബ്രഹ്മണ്യ ക്ഷേത്രത്തിൽ മോഷണം

ലക്ഷങ്ങൾ വിലവരുന്ന സ്വർണവും വെള്ളിക്കുടങ്ങളും കവർന്നു

തൃശൂർ: ചാവക്കാട് പുന്ന അയ്യപ്പ സുബ്രഹ്മണ്യ ക്ഷേത്രത്തിൽ കവർച്ച. ക്ഷേത്രത്തിലെ അലമാര കുത്തിപ്പൊളിച്ചാണ് മോഷണം നടത്തിയിരിക്കുന്നത്. ആറ് പവനോളം സ്വർണാഭരണങ്ങളും വെള്ളി, പണം എന്നിവയും നഷ്ടപ്പെട്ടു. ഇന്ന് രാവിലെ ക്ഷേത്രത്തിൽ എത്തിയ മാനേജർ സുരേഷാണ് മോഷണ വിവരം ആദ്യം അറിഞ്ഞത്.

ചാവക്കാട് പോലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ക്ഷേത്ര ഓഫീസിന്റെ പൂട്ട് തകർത്ത് അകത്തുകയറിയ മോഷ്ടാവ് ഓഫീസിലെ അലമാര തുറന്നാണ് സ്വർണവും പണവും കവർന്നത്. ക്ഷേത്രത്തിലെ കിരീടം, മാല, താലി, സ്വർണവേൽ ഉൾപ്പെടെ ആറ് പവൻ സ്വർണമാണ് നഷ്ടമായത്. രണ്ട് വെള്ളിക്കുടവും 23,000 രൂപയും കവർന്നിട്ടുണ്ട്. വിരലടയാള വിദഗ്ദ്ധർ സ്ഥലത്തെത്തി ശാസ്ത്രീയ പരിശോധന നടത്തി.

നാട്ടിൽ പൂട്ടിക്കിടക്കുന്ന വീട്ടിലെ വൈദ്യുത ബിൽ 5,000 രൂപ

കൊച്ചി: ഉടമയുടെ അറിവോ സമ്മതമോ ഇല്ലാതെ വീട്ടിൽ മറ്റൊരു കുടുംബം താമസിക്കുന്നതായി റിപ്പോർട്ടുകൾ. അമേരിക്കയിൽ താമസിക്കുന്ന അജിത്ത് എന്നയാൾ കൊച്ചി സിറ്റി പോലീസ് കമ്മീഷണർക്ക് ഇമെയിൽ വഴി പരാതി നൽകിയതായി ഒരു മാദ്ധ്യമം റിപ്പോർട്ട് ചെയ്യുന്നു.

അജിത്തിന്റെ വൈറ്റിലയിലുള്ള വീട് പൂട്ടിക്കിടക്കുകയാണ്. ഗെയ്റ്റടക്കം പൂട്ടിയിട്ടിരിക്കുകയാണ്. വർഷാവർഷം പരാതിക്കാരൻ നാട്ടിൽ വരുന്നതാണ്. എന്നാൽ കഴിഞ്ഞ വർഷം വരാൻ സാധിച്ചില്ല. കഴിഞ്ഞ രണ്ട് തവണ അയ്യായിരം രൂപയിലധികം വൈദ്യുതി ബിൽ വന്നിരുന്നു. ഇതോടെ കെ എസ് ഇ ബിക്ക് പരാതി നൽകി.

പ്രതിഷേധ സംഗമം സംഘടിപ്പിക്കും

തൃശൂർ: പൂര നടത്തിപ്പ് പ്രതിസന്ധിയിലാക്കുന്ന കേന്ദ്ര ബിജെപി സർക്കാരിന്റെ പുതിയ നയത്തിനെതിരെ എൽഡിഎഫ് തൃശൂർ ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ 2024 ഒക്ടോബർ 30 ബുധനാഴ്ച്ച വൈകീട്ട് 5മണിക്ക് പ്രതിഷേധ സംഗമം സംഘടിപ്പിക്കും. തൃശൂർ നടുവിലാലിൽ ജങ്ഷനിലാണ് പ്രതിഷേധ പരിപാടി സംഘടിപ്പിക്കുന്നത്. സിപിഐ(എം) പോളിറ്റ് ബ്യൂറോ അംഗം എ.വിജയരാഘവൻ പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്യും. സിപിഐ(എം) ജില്ലാ സെക്രട്ടറി എം.എം.വർഗ്ഗീസ്, സിപിഐ ജില്ലാ സെക്രട്ടറി കെ കെ വത്സരാജ് തുടങ്ങിയ എൽഡിഎഫിന്റെ വിവിധ ഘടകകക്ഷി നേതാക്കൾ പങ്കെടുത്ത് സംസാരിക്കും.

പൂരങ്ങളിലെ ആഘോഷ വെടിക്കെട്ടുകളെ ഇല്ലാതാക്കുന്നതാണ് കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രാലയം പുറത്തിറക്കിയിട്ടുള്ള അസാധാരണ ഗസറ്റ് വിജ്ഞാപനം. തൃശൂർ നഗരത്തിൽ വെടിക്കെട്ടിന്റെ ദൂരപരിധി പ്രായോഗികമായി ഇതു നടത്താൻ കഴിയാത്ത അവസ്ഥയിലേക്ക് ഉയർത്തിയത് ദുരുദ്ദേശപരമാണ്.

ഒരു ഭാഗത്ത് കേരള സർക്കാർ പൂരം കലക്കി എന്ന് ആക്ഷേപിക്കുകയും മറുഭാഗത്ത് പൂരനടത്തിപ്പ് തന്നെ തടസ്സപ്പെടുത്തുകയും ചെയ്യുകയാണ് സംഘ്പരിപാർ. തൃശൂരിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ബിജെപി പ്രതിനിധി ഇതുവരെ പ്രശ്നത്തെ കുറിച്ച് പ്രതികരിക്കാൻ പോലും തയ്യാറായിട്ടില്ല. യുഡിഎഫും വിഷയത്തിൽ ഒളിച്ചുകളിക്കുകയാണ്. എൽഡിഎഫ് തൃശൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒക്ടോബർ 30ന് വൈകീട്ട് 5മണിക്ക് തൃശൂർ നടുവിലാലിൽ സംഘടിപ്പിക്കുന്ന പ്രതിഷേധ സംഗമത്തിൽ മുഴുവൻ ബഹുജനങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

രക്തദാനക്യാമ്പ്

ഒല്ലൂർ: തൈക്കാട്ടുശ്ശേരി സെൻറ് പോൾസ് ദേവാലയത്തിൽ നടന്ന രക്തദാന ക്യാമ്പ് 24 കേരള ബറ്റാലിയൻ അസോസിയേറ്റഡ് എൻ.സി.സി ഓഫിസർ മേജർ പി. ജെ. സ്റ്റൈജു ഉദ്ഘാടനം ചെയ്തു.

ഇടവക വികാരി ഫാദർ സ്റ്റാർസൺ കള്ളിക്കാടൻ അധ്യക്ഷതവഹിച്ച യോഗത്തിൽ ജൂബിലി മിഷൻ ആശുപത്രിയിലെ ഡോക്ടർ പൂജ സച്ചിൻ, നിക്സൺ കോലഞ്ചേരി, ആൻജോ ജോസ്, അനു ആൻഡ്രൂസ്, പി .ബിന്ദു, നവീൻ ഡേവിസ്, ലിന്റോ പാലിയേക്കര, ജെറോം ജോൺ എന്നിവർ പ്രസംഗിച്ചു.

ക്വട്ടേഷൻ ക്ഷണിച്ചു

തൃശൂർ:സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി തളിക്കുളം ഗവ. ഹയർസെക്കണ്ടറി സ്കൂളിലേക്ക് അനുവദിച്ച ഇലക്ട്രിക് വെഹിക്കിൾ ടെക്നീഷ്യൻ, ബേക്കറി സർവ്വീസ് ടെക്നീഷ്യൻ എന്നീ കോഴ്സുകളിലേക്ക് ആവശ്യമായ ഉപകരണങ്ങളും വസ്തുക്കളും വാങ്ങുന്നതിനായി അംഗീകാരമുള്ള ഏജൻസികളിൽ നിന്നും വ്യക്തികളിൽ നിന്നും മത്സര സ്വഭാവമുള്ള ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ നവംബർ 5 ന് വൈകീട്ട് 4 നകം ഓഫീസിൽ ലഭിക്കണം. ഫോൺ: 8606824496.

കുഡുംബി യുവജനസംഘം സംസ്ഥാന സമ്മേളനം

ഇരിങ്ങാലക്കുട : പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുന്നത് വരെ കുഡുംബി സമുദായത്തിന് ഒരു ശതമാനം തൊഴിൽ സംവരണം അനുവദിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് ഇരിങ്ങാലക്കുടയിൽ നടന്ന കുഡുംബി യുവജന സംഘം ഇരുപതാം സംസ്ഥാനസമ്മേളനം ആവശ്യപ്പെട്ടു. ഉണ്ണായി വാര്യർ സ്മാരക കലാനിലയം ഹാളിൽ നടന്ന സമ്മേളനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ബിന്ദു ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡണ്ട് എം ഡി അരുൺ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ടി എസ് ശരത്കുമാർ മുഖ്യ പ്രഭാഷണം നടത്തി. വിവിധ മേഖലകളിൽ അംഗീകാരങ്ങൾ നേടിയവരെ ചടങ്ങിൽ ആദരിച്ചു.

സംസ്ഥാന ഭാരവാഹികളായ എം പി പ്രയേഷ്, കെ ആർ സുബ്രമണ്യൻ, ജി രാജൻ, ബിന്ദു സുബ്രമണ്യൻ, നിതീഷ് സി പി, വിന്നി ഗോപാൽ, കെ ധനേഷ് എന്നിവർ സംസാരിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി പി എ അനൂപ് സ്വാഗതവും എ പി മനു പ്രസാദ് നന്ദിയും പറഞ്ഞു.

ക്വട്ടേഷൻ ക്ഷണിച്ചു

തൃശൂർ: മണ്ണുത്തി കൃഷി ഡെപ്യൂട്ടി ഡയറക്ടർ സംസ്ഥാന ബയോകൺട്രോൾ ലാബിലേക്ക് ആവശ്യമായ ട്രൈക്കോകാർഡ്–ട്രൈക്കോഗ്രമ്മ ചിലോണിസ്, ട്രൈക്കോകാർഡ്–ട്രൈക്കോഗ്രമ്മ ജപ്പോണിക്കം എന്നിവ വിതരണം ചെയ്യുന്നതിനായി സീൽ ചെയ്ത ക്വട്ടേഷൻ (ഇനം രേഖപ്പെടുത്തിയ പ്രത്യേകം കവറുകൾ) ക്ഷണിച്ചു. ക്വട്ടേഷൻ മുദ്രവെച്ച കവറിൽ സ്വന്തം ലെറ്റർ പാഡിൽ എഴുതി സമർപ്പിക്കണം. കവറിന് പുറത്ത് ഇനം, നമ്പർ, പേരുവിവരം എന്നിവ രേഖപ്പെടുത്തി കൃഷി ഡെപ്യൂട്ടി ഡയറക്ടർ, സംസ്ഥാന ബയോകൺട്രോൾ ലാബ്, മണ്ണുത്തി എന്ന വിലാസത്തിൽ നവംബർ 4 ന് രാവിലെ 11 നകം ലഭിക്കണം. ഫോൺ: 0487 2374605.

മാനവ സഞ്ചാരം നവംബർ 24 ന് തൃശൂരിൽ

തൃശൂർ : സാമൂഹിക സൗഹാർദ്ദവും മാനവികതയും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തിൽ എസ് വൈ എസ് സംസ്ഥാന ജന:സെക്രട്ടറി ഡോ. എ.പി അബ്ദുൽ ഹക്കീം അസ്ഹരിയുടെ നേതൃത്വത്തിൽ നവംബർ 16ന് ആരംഭിച്ച് ഡിസംബർ 1ന് സമാപിക്കുന്ന മാനവ സഞ്ചാരം തൃശൂർ ജില്ലയിൽ നവംബർ 24 ന് നടക്കും.

കാസർകോട് നിന്ന് ആരംഭിച്ച് തിരുവനന്തപുരത്ത് സമാപിക്കുന്ന മാനവ സഞ്ചാരം വിവിധ വിഭാഗങ്ങൾക്കിടയിൽ പാരസ്പര്യം ദൃഢമാക്കാനും വർഗീയ വിഭജന ആശയങ്ങളെ ചെറുക്കാനും ലക്ഷ്യമിട്ടുള്ളതാണ്.

സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരുമായി കൂടിക്കാഴ്ച, വ്യത്യസ്ത ജനവിഭാഗങ്ങളുമായി സ്നേഹ സമ്പർക്ക പരിപാടി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രമുഖ വ്യക്തികൾ, ആക്ടിവിസ്റ്റുകൾ, മതനേതാക്കൾ തുടങ്ങിയവരിലേക്കുള്ള സന്ദർശനം എന്നിവ മാനവസഞ്ചാരത്തിൽ നടക്കും.

മാനവ സഞ്ചാരത്തിന്റെ വിജയത്തിനായി 101 അംഗ സ്വാഗത സംഘം രൂപീകരിച്ചു. പി ബാലചന്ദ്രൻ എം.എൽ.എ (ചെയർമാൻ) ഹമീദ് തളിയപാടത്ത് (ജന:കൺവീനർ) പെൻകോ ബക്കർ (ഫിനാൻസ് സെക്രട്ടറി). പേൾ റീജൻസിയിൽ നടന്ന സ്വാഗതസംഘ രൂപീകരണ യോഗം എസ് വൈ എസ് ജില്ലാ പ്രസിഡൻറ് അബ്ദുൽ അസീസ് നിസാമിയുടെ അദ്ധ്യക്ഷതയിൽ കേരള മുസ്ലീം ജമാഅത്ത് ജില്ലാ ജന:സെക്രട്ടറി അഡ്വ പി.യു അലി ഉദ്ഘാടനം നിർവ്വഹിച്ചു. സ്വാഗതസംഘം ഭാരവാഹികളെ എസ് വൈ എസ് സംസ്ഥാന സെക്രട്ടറി എം.എം ഇബ്രാഹിം പ്രഖ്യാപിച്ചു. ശമീർ എറിയാട് സ്വാഗതവും ഹമീദ് തളിയപാടത്ത് നന്ദിയും പറഞ്ഞു.

മാനവ സഞ്ചാരത്തിൻറെ സ്വാഗതസംഘ രൂപീകരണ യോഗം കേരള മുസ്ലീം ജമാഅത്ത് ജില്ലാ ജന:സെക്രട്ടറി അഡ്വ പി.യു അലി ഉദ്ഘാടനം ചെയ്യുന്നു

കളക്ടറേറ്റ് പരിസരത്തെ പക്ഷി ശല്യം പരിഹരിക്കും

തൃശൂർ: അയ്യന്തോൾ കളക്ടറേറ്റ് പരിസരത്തെ പക്ഷി ശല്യം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. കളക്ടറേറ്റ് പരിസരത്തെ രൂക്ഷമായ പക്ഷി ശല്യത്തിന് പരിഹാരം ആവശ്യപ്പെട്ടു ഉപഭോക്തൃ സമിതി ജില്ലാ പ്രസിഡന്റ് ജെയിംസ് മുട്ടിക്കൽ ജില്ലാ കളക്ടർക്ക് പരാതി നൽകിയിരുന്നു.

തൃശൂർ കളക്ടറേറ്റിനു മുൻപിലെ മോഡൽ റോഡിലും, കളക്ടറേറ്റ് ഗേറ്റിന് സമീപവും, കുട്ടികളുടെ പാർക്കിലും, റോഡിനു മുകളിലേക്ക് ചാഞ്ഞു നിൽക്കുന്ന പാഴ്മരകൊമ്പുകളിലും കൂട് കൂട്ടിയ പക്ഷികളുടെ കാഷ്ടവും, ചത്തു വിഴുന്ന പക്ഷികളുടെ ജഡങ്ങളും മൂലം ജനങ്ങളുടെ ആരോഗ്യത്തിനും, ജീവനും ഗുരുതര ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്.

ഓരോ വർഷവും പക്ഷികളുടെ ശല്യം കൂടിവരികയുമാണ്. ഇവ മൂലം ശ്വാസകോശ രോഗങ്ങളും അലർജിയും പരിസരവാസികളിൽ വർദ്ധിച്ചു വരുന്നു. കളക്ടറേറ്റിനു മുന്നിലുള്ള കുട്ടികളുടെ പാർക്കിൽ കളിക്കാൻ വരുന്ന കുട്ടികൾക്കും വലിയ ആരോഗ്യപ്രശ്നങ്ങൾക്ക് ഇത് ഇടവരുത്തും.

റോഡിലേക്ക് അപകടകരമായ നിലയിൽ നിൽക്കുന്ന മരക്കൊമ്പുകൾ വെട്ടി മാറ്റി അപകടസാഹചര്യവും, പക്ഷി ശല്യവും ഒഴിവാക്കണമെന്നാണ് ജില്ലാ കളക്ടർക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നത്.

ഇപ്പോൾ ദേശാടന പക്ഷികളുടെ പ്രജനനകാലമാണെന്നും, അതു തീരുന്ന മുറക്ക് സാധ്യമായ പരിഹാരനടപടികൾ സ്വീകരിക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു. ഇത് സംബന്ധിച്ചു വനം വകുപ്പിൽ നിന്നും റിപ്പോർട്ട് തേടിയിട്ടുണ്ടെന്നും ജില്ലാ കളക്ടർ ജെയിംസ് മുട്ടിക്കലിനു 23.10.23 ന് (letter number DCTSR /10546/ 2024-സി9) നൽകിയ മറുപടിയിൽ വ്യക്തമാക്കി.

അന്താരാഷ്ട്ര ഗ്രാമീണ വനിതാ ദിനം ആചരിച്ചു

തൃശ്ശൂർ: വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള ഹബ് ഫോർ എംപവർമെന്റ് ഓഫ് വുമൺന്റെ നേതൃത്വത്തിൽ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ അന്താരാഷ്ട്ര ഗ്രാമീണ വനിതാ ദിനം ആചരിച്ചു. അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സിന്ധു ശിവദാസ് പരിപാടി ഉദ്ഘാടനം ചെയ്തു. അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സീന അനിൽകുമാർ അധ്യക്ഷത വഹിച്ചു. അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ പി. സുഷമ മുഖ്യാതിഥിയായി. തൃശ്ശൂർ ആർഎസ്ഇടിഐ ഡയറക്ടർ ജി. കൃഷ്ണമോഹൻ മുഖ്യപ്രഭാഷണം നടത്തി.

ദിനാചടണത്തോടനുബന്ധിച്ച് വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നടന്നു. ആദ്യ സെഷൻ ക്ലാസിൽ കെഇഎസ്എസ് സർവീസ് പ്രൊവൈഡിങ് സെന്റർ ലീഗൽ കൗൺസിലർ അഡ്വ. റീന ജോൺ പോഷ് ആക്റ്റ്, മെറ്റേനിറ്റി ബെനിഫിറ്റ് ആക്റ്റ്, തുല്യ വേതന നിയമം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും അനാചാരങ്ങളും തടയൽ, സ്ത്രീധനം, ശൈശവ വിവാഹം, ഗാർഹിക പീഡനം, മറ്റ് അതിക്രമങ്ങളും അനാചാരങ്ങളും നീക്കം ചെയ്യുന്നതിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് നടത്തി. രണ്ടാമത്തെ സെഷൻ കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് റിസോഴ്സ് പേഴ്സൺ എം.ജി ജയശ്രീ ജെൻഡർ അവബോധം വളർത്തുന്നതിന്റെ പ്രാധാന്യത്തെപ്പറ്റിയും, ജെൻഡർ എംപവർമെന്റ്, ദേശീയ പാർലമെന്റിൽ വനിതാ സ്ഥാനാർത്ഥികളുടെ സീറ്റുകളുടെ അനുപാതം, സ്ത്രീ ജീവനക്കാരുടെ വരുമാന വിഹിതം തുടങ്ങിയകാര്യങ്ങൾ വിശദീകരിച്ചു.

ചടങ്ങിന് അന്തിക്കാട് ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്ട് ഓഫീസർ സി.എസ് ബിന്ദു സ്വാഗതവും തൃശ്ശൂർ വനിതാ ശിശു വികസന ഓഫീസ് സ്പെഷ്യലിസ്റ്റ് ഇൻ ഫിനാൻഷ്യൽ ലിറ്ററസി മിഷൻ ശക്തി ബി.എസ് സുജിത്ത് നന്ദിയും പറഞ്ഞു. മിഷൻ ശക്തി തൃശ്ശൂർ ഡിസ്ട്രിക് മിഷൻ കോഡിനേറ്റർ പി.ഡി വിൻസന്റ്, ആർഎസ്ഇടിഐ യിലെ അന്തിക്കാട് ഗ്രാമീണ മേഖലയിലെ ബ്ലോക്കിൽ പഠിക്കുന്ന വിദ്യാർത്ഥികൾ, അങ്കണവാടി വർക്കേഴ്സ്, ആർഎസ്ഇടിഐ ഫാക്കൽറ്റീസ്, അന്തിക്കാട് ഐസിഡിഎസ് ഓഫീസിലെ ജീവനക്കാർ, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

തൃശ്ശൂർ വലിയ പള്ളി പെരുന്നാളിന്റെ കൊടികയേറി

തൃശ്ശൂർ: ചരിത്ര പ്രസിദ്ധമായ സഭാ ശുദ്ധീകരണ പെരുന്നാളിന്റെ കൊടികയറ്റം ഇന്ന് (ഒക്ടോബർ 27ന് ഞായറാഴ്ച്ച) മാർത്ത് മറിയം വലിയ പള്ളിയിൽ വിശുദ്ധ കുർബ്ബാനക്ക് ശേഷം അസി.വികാരി റവ.ഡെൽമിൻ ഡേവിസ് കശീശ നി